**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 351** **18-07-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനായി പ്രത്യേക കമ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; | (എ) | 2016-ൽ അന്നത്തെ സർക്കാർ അധികാരമൊഴിയുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 1473.67 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. ടി കുടിശ്ശിക അതിനു ശേഷം വന്ന സർക്കാർ 2016 ആഗസ്റ്റ്, 2017 ആഗസ്റ്റ് എന്നീ രണ്ട് ഘട്ടങ്ങളിലായാണ് വിതരണം ചെയ്തത്. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കൃത്യമായ വിതരണത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു സ്ഥിതിയുണ്ടായിരുന്നു. കൂടാതെ, പെൻഷൻ വർഷത്തിൽ രണ്ടോ മൂന്നോ തവണ മാത്രം വിതരണം ചെയ്യുന്ന ഒരു അവസ്ഥയുമായിരുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ മാസം തോറും കൃത്യമായി വിതരണം ചെയ്യേണ്ടതാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വിതരണം സുഗമമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി, 26.06.2018 –ലെ സ.ഉ.(കൈ) നം.232/2018/ധന. പ്രകാരം പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിൽ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിരുന്നു. കമ്പനി പെൻഷൻ വിതരണത്തിനായി 34030.63 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കമ്പനിയിലേക്ക് ഏതെല്ലാം രീതിയിൽ ഫണ്ട് സമാഹരണം നടത്തുന്നുണ്ടെന്നും പ്രസ്തുത ഫണ്ട് എവിടെയാണ് സൂക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | പന്ത്രണ്ടോ അതിൽ കുറവോ തവണകളായി ബജറ്റിലൂടെ നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ള സർക്കാർ സഹായമാണ് കമ്പനിയുടെ പ്രധാന വരുമാനം. എൻ.എസ്.എ.പി –യുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടിനും കമ്പനിക്ക് അർഹതയുണ്ട്. പൊതുജനങ്ങളിൽ നിന്നോ പൊതുമേഖലാ / മറ്റ് സ്ഥാപനങ്ങളിൽ നിന്നോ ഫണ്ട് സ്വരൂപിക്കുന്നതിന് 26.06.2018 –ലെ സ.ഉ.(കൈ.) നം. 232/2018/ധന. പ്രകാരം |

| | | | |
|---|---|---|---|
| | | | കമ്പനിക്ക് അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കമ്പനി കെ.എസ്.എഫ്.ഇ., കെ.എസ്.ബി.സി, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, പെൻഷൻ വിതരണത്തിനായി ഫണ്ട് സ്വരൂപിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം, കെ.എഫ്.സി. എന്നിവയിൽ നിന്നും ഫണ്ട് സമാഹരിച്ചിട്ടുണ്ട്. ഇത്തരം ഫണ്ടുകൾ കമ്പനിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലും, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കേരള ബാങ്ക്, യൂണിയൻ ബാങ്ക് എന്നീ അക്കൗണ്ടുകളിലും സൂക്ഷിച്ചുപോരുന്നു. |
| (സി) | പ്രസ്തുത കമ്പനി എൻ.എസ്.എ.പി. മുഖേനയുള്ള കേന്ദ്ര വിഹിതം കൈകാര്യം ചെയ്യുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (സി) | കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് –ന് എൻ.എസ്.എ.പി. മുഖേനയുള്ള കേന്ദ്ര വിഹിതം നേരിട്ട് ലഭിക്കുന്നില്ല. പ്രസ്തുത ധനസഹായവും കൂടി ചേർന്ന് ലഭിക്കുന്ന ബജറ്റ് വിഹിതം ഉപയോഗിച്ചാണ് കമ്പനി പെൻഷൻ വിതരണം നടത്തുന്നത്. |
| (ഡി) | പ്രസ്തുത കമ്പനിയിലേക്കുള്ള സർക്കാർ വിഹിതത്തിൽ കുടിശിക വരുത്തിയിട്ടുണ്ടോ എന്നും സർക്കാർ നൽകിവരുന്ന സാമ്പത്തിക സഹായം പിൻവലിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ? | (ഡി) | കുടിശ്ശിക വരുത്തിയിട്ടില്ല. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് -നുള്ള സാമ്പത്തിക സഹായം പിൻവലിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ